REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും തെരഞ്ഞെടുപ്പ് ഫലത്തിലേക്ക് ഇനി മൂന്ന് ദിവസത്തെ കാത്തിരിപ്പ്.**
- **വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ സുരക്ഷ ശക്തമാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ QR കോഡ് തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തി.**
- **രാജ്യത്തെ ഓൺലൈൻ ഗെയിമിംഗ് മേഖലയെ നിയന്ത്രിക്കുന്ന 'പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് റൂൾസ് 2026' നിലവിൽ വന്നു.**
- **ഇന്ന് സാർവദേശീയ തൊഴിലാളി ദിനം.**
- **കേരളത്തിൽ ഇന്നും നാളെയും വേനൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**

## വാർത്തകൾ വിശദമായി

കേരളം അടക്കം നാല് സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും തെരഞ്ഞെടുപ്പ് ഫലത്തിലേക്ക് ഇനി മൂന്ന് ദിവസത്തെ കാത്തിരിപ്പ്. തിങ്കളാഴ്ച രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. പോസ്റ്റൽ ബാലറ്റുകൾ എണ്ണി തീർത്ത ശേഷം വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടെണ്ണൽ ആരംഭിക്കും.

മിക്ക എക്സിറ്റ്പോൾ ഫലങ്ങളും പശ്ചിമബംഗാളിലും കേരളത്തിലും ഭരണമാറ്റം പ്രവചിച്ചതോടെ ദേശീയ തലത്തിൽ തന്നെ രാഷ്ട്രീയ പാർട്ടികളും സഖ്യങ്ങളും ജനവിധി ഉറ്റുനോക്കുകയാണ്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.........

വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ സുരക്ഷ ശക്തമാക്കാൻ QR കോഡ് അധിഷ്ഠിത തിരിച്ചറിയൽ സംവിധാനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ അനധികൃതമായി ആരും പ്രവേശിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനാണ് നടപടി. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ തിരിച്ചറിയിലിനായി ത്രിതല സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

ആദ്യ രണ്ട് ഘട്ടങ്ങളിൽ വരണാധികാരി നൽകിയ ഫോട്ടോ തിരിച്ചറിയൽ കാർഡുകൾ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ചായിരിക്കും ആളുകളെ ഹാളിലേക്ക് കടത്തിവിടുന്നത്. മൂന്നാം ഘട്ടത്തിൽ QR കോഡ് സ്കാൻ ചെയ്യും.

വരണാധികാരികൾ, സഹ വരണാധികാരികൾ, വോട്ടെണ്ണൽ ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, സ്ഥാനാർത്ഥികൾ, ഇലക്ഷൻ ഏജന്റുമാർ, കൗണ്ടിംഗ് ഏജന്റുമാർ തുടങ്ങി തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച എല്ലാവർക്കും QR കോഡ് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

മാധ്യമപ്രവർത്തകർക്കായി ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിന് സമീപവും മീഡിയ സെന്ററുകൾ സജ്ജമാക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക അധികാര പത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും മാധ്യമപ്രവർത്തകർക്ക് മീഡിയാ സെന്ററിലെ പ്രവേശനം.

✪✪✪

മൊബൈൽ അധിഷ്ഠിത ദേശീയ ദുരന്ത ജാഗ്രതാ സംവിധാനത്തിന് നാളെ ആഭ്യന്തരമന്ത്രി അമിത്ഷാ തുടക്കം കുറിക്കും. ടെലികമ്യൂണിക്കേഷൻ വകുപ്പ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നാണ് സംവിധാനം വികസിപ്പിച്ചത്. ദുരന്ത സാഹചര്യങ്ങളിൽ അപ്പപ്പോൾ വിവരങ്ങൾ സംവിധാനത്തിലൂടെ ലഭ്യമാകും.

‘സചേത്’ എന്ന പേരിൽ ദുരന്ത നിവാരണ അതോറിറ്റി സമഗ്ര ജാഗ്രതാ സംവിധാനം ഇതിനകം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

✪✪✪

രാജ്യത്തെ ഓൺലൈൻ ഗെയിമിംഗ് മേഖലയെ നിയന്ത്രിക്കുന്ന ‘പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് റൂൾസ് 2026' പ്രാബല്യത്തിൽ വന്നു. ഓൺലൈൻ ഗെയിമിംഗ് മേഖലയിൽ സുരക്ഷിതത്വം ഉറപ്പാക്കാനും നവീകരണം പ്രോത്സാഹിപ്പിക്കാനുമാണ് 2025- ലെ ഓൺലൈൻ ഗെയിമിംഗ് നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത്.

പുതിയ നിയമപ്രകാരം പണം ഈടാക്കുന്ന എല്ലാ ഓൺലൈൻ ഗെയിമുകൾക്കും രാജ്യത്ത് പൂർണ്ണ നിരോധനം ഏർപ്പെടുത്തി. ഇത്തരം പ്ലാറ്റ്ഫോമുകളുടെ പരസ്യങ്ങൾക്കും സാമ്പത്തിക ഇടപാടുകൾക്കും വിലക്കുണ്ട്. നിയമം ലംഘിക്കുന്നവർക്ക് തടവും പിഴയും ഉൾപ്പെടെ കടുത്ത ശിക്ഷ നേരിടേണ്ടി വരുമെന്ന് ഗവൺമെന്റ് വ്യക്തമാക്കി.

✪✪✪

ഇന്ന് സാർവദേശീയ തൊഴിലാളി ദിനം. തൊഴിലിന്റെ മഹത്വത്തെയും തൊഴിലാളികളുടെ അവകാശങ്ങളെയും ഓർമ്മിപ്പിക്കാനും അവബോധം നൽകാനുമാണ് എല്ലാ വർഷവും മെയ് ഒന്ന്, ലോക തൊഴിലാളി ദിനമായി ആചരിക്കുന്നത്.

എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിനോദം, എട്ടു മണിക്കൂർ വിശ്രമം എന്ന ആവശ്യമുന്നയിച്ച് തൊഴിലാളി സംഘടനകൾ നടത്തിയ സമരത്തിന്റെ ഓർമ പുതുക്കൽ കൂടിയാണ് ദിനാചരണം. ന്യായമായ വേതനം, ലിംഗസമത്വം, ഡിജിറ്റൽ പരിവർത്തനം, തൊഴിൽ സുരക്ഷ തുടങ്ങിയ ആഗോള തൊഴിൽ പ്രശ്നങ്ങൾ തൊഴിൽ ദിനം ചർച്ച ചെയ്യുന്നു. 'ആരോഗ്യകരമായ മാനസിക സാമൂഹ്യ പ്രവർത്തനാന്തരീക്ഷം ഉറപ്പാക്കുക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഇന്ന് ബുദ്ധപൂർണിമ. കപിലവസ്തുവിൽ ഗൗതമ ബുദ്ധന്റെ ജനനവും ബോധഗയയിൽ ജ്ഞാനസിദ്ധിയും ഖുശി നഗറിൽ നിർവാണവും ഉണ്ടായത് ഈ ദിവസമാണെന്നാണ് വിശ്വാസം. ഇന്ത്യയടക്കം രാജ്യങ്ങളിൽ ബുദ്ധ മത അനുയായികളും ഹൈന്ദവരും ബുദ്ധപൂർണിമ പ്രധാന ഉത്സവങ്ങളിലൊന്നായി കൊണ്ടാടുന്നു.

രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് ബുദ്ധപൂർണിമ ആശംസകൾ നേർന്നു. ബുദ്ധ ദർശനങ്ങൾ അഹിംസയുടെയും സഹാനുഭൂതിയുടെയും സമാധാനത്തിന്റെയും അനന്തമായ അറിവ് പകരുന്നതാണെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

ലോക്സഭാ സ്പീക്കർ ഓം ബിർളയും ജനങ്ങൾക്ക് ബുദ്ധപൂർണിമ ആശംസകൾ നേർന്നു.

✪✪✪

സംസ്ഥാനത്ത് ചൂടിന് ആശ്വാസമേകി ഇന്നും നാളെയും വേനൽമഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്കൻ കേരളത്തിലും മധ്യകേരളത്തിലും ശക്തമായ കാറ്റോട് കൂടി മഴ പെയ്യുമെന്നാണ്

മുന്നറിയിപ്പ്. കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. നാളെ ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്...........

ഇന്നലെ സംസ്ഥാനത്തെ മിക്കയിടങ്ങളിലും ഇടിമിന്നലോട് കൂടി മഴ പെയ്തു. പാലക്കാട് അട്ടപ്പാടിയിൽ ശക്തമായ മഴയിൽ ഓട്ടോറിക്ഷയ്ക്ക് മുകളിൽ മരംവീണ് യുവതി മരിച്ചു. കൽക്കണ്ടി സ്വദേശി സോണിയ ആണ് മരിച്ചത്. മകളും ഡ്രൈവറും പരിക്കുകളോടെ രക്ഷപ്പെട്ടു.

മുക്കാലി മുതൽ ചെമ്മണ്ണൂർവരെ അഞ്ച് സ്ഥലങ്ങളിൽ മരം വീണു. ഗൂളിക്കടവ് ചിറ്റൂർ റോഡിലും മരങ്ങൾ വീണ് ഗതാഗതവും വൈദ്യുതിയും തടസ്സപ്പെട്ടു.

ഇടുക്കി തൊടുപുഴ മേഖലയിലെ ശക്തമായ കാറ്റിലും മഴയിലും സെൻ്റ് മേരീസ് ക്നാനായ ഫൊറോന പള്ളിയിൽ കനത്ത നാശനഷ്ടമുണ്ടായി. പള്ളിയുടെ പഴയ കെട്ടിടവും, ഗോഡൗണായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ മേൽക്കൂരയും കാറ്റിൽ തകർന്നു വീണു. ഗോഡൗണിൽ സൂക്ഷിച്ചിരുന്ന സ്വകാര്യ സ്ഥാപനത്തിന്റെ മുഴുവൻ സാധനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് പ്രാഥമികമായി കണക്കാക്കുന്നത്. വിവിധ ഭാഗങ്ങളിൽ മണിക്കൂറുകളോളം വൈദ്യുതി മുടങ്ങി.

കണ്ണൂർ, കോഴിക്കോട് ജില്ലകളിലും ഇന്നലെ പരക്കെ മഴ പെയ്തു.

✪✪✪

കേരളത്തിലെ ആകാശവാണി നിലയങ്ങൾ സ്വാതി തിരുനാൾ ജയന്തിയോട് അനുബന്ധിച്ച് രാവിലെ ഒമ്പത് മുതൽ ഉച്ചക്ക് 12.30 വരെ സ്വാതിതിരുനാൾ സംഗീതാർച്ചന തത്സമയം പ്രക്ഷേപണം ചെയ്യും. തിരുവനന്തപുരം കോട്ടയ്ക്കകം ലവി ഹാളിലെ സംഗീതാർച്ചനയിൽ മരുത്തോർവട്ടം ബാബു, R അജിത് പ്രസാദ്, ശിവകാമി നടരാജൻ, സിത്താര കൃഷ്ണമൂർത്തി, പുഷ്പവതി പൊയ്പാടത്ത്, എന്നിവർ സ്വാതിതിരുനാൾ കൃതികൾ അവതരിപ്പിക്കും.

✪✪✪

മംഗളാദേവി കണ്ണകി ക്ഷേത്രത്തിലെ ചിത്രാപൗർണമി ഉത്സവത്തിന് തുടക്കമായി. ആയിരത്തിലേറെ വർഷം മുമ്പ് സ്ഥാപിച്ച ക്ഷേത്രത്തിൽ കേരള-തമിഴ്നാട് രീതികളിലാണ് പൂജകൾ. പ്രതികൂല കാലാവസ്ഥ

കണക്കിലെടുത്ത് ഉച്ചയ്ക്ക് ശേഷം ഭക്തർ തിരിച്ചിറങ്ങണമെന്ന് ഇടുക്കി-തേനി ജില്ലാ ഭരണകൂടങ്ങൾ കർശന മുന്നറിയിപ്പ് നൽകി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ...

........വോയ്സ്..........

ക്ഷേത്രത്തിലേക്ക് ആവശ്യമായ പൂജാസാധനങ്ങളും അലങ്കാര വസ്തുക്കളും പുലർച്ചെ നാല് മണിക്ക് എത്തിച്ച്, അഞ്ച് മണിയോടെ നട തുറന്നു. രാവിലെ 6 മുതൽ തീർത്ഥാടകരെ പ്രവേശിപ്പിച്ചു തുടങ്ങി. വൈകിട്ട് 5 മണി വരെയാണ് ദർശനാനുമതിയുള്ളത്. കുമളിയിൽ നിന്നും 13 കിലോമീറ്ററോളം ഉൾവനത്തിലൂടെയുള്ള യാത്രയ്ക്ക് ജീപ്പ് സർവീസ് ലഭ്യമാണ്. ഉച്ചയ്ക്ക് 2.30-ന് ശേഷം ആരെയും വനത്തിനുള്ളിലേക്ക് കടത്തിവിടില്ല. കനത്ത മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുള്ളതിനാൽ, കാലാവസ്ഥ മോശമായാൽ ഭക്തർ തിരിച്ചിറങ്ങാൻ തയ്യാറാകണമെന്ന മുന്നറിയിപ്പുണ്ട്. പ്ലാസ്റ്റിക്, ഡ്രോണുകൾ, ലൗഡ്സ്പീക്കറുകൾ എന്നിവ പൂർണമായി നിരോധിച്ചിട്ടുണ്ട്. ഭക്തർക്കായി കുടിവെള്ളം, ശുചിമുറികൾ, മെഡിക്കൽ സംഘങ്ങൾ, അഗ്നിശമന സേന എന്നിവയുടെ സേവനം സജ്ജമാക്കിയിട്ടുണ്ട്.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവത്തിന്റെ പ്രാരംഭ ചടങ്ങായ "ദൈവത്തെ കാണൽ' ഇന്ന് നടത്തും.

രാവിലെ മണത്തണ വാകയാട് പൊടിക്കളത്തിലെ ചടങ്ങിന് കൊട്ടിയൂർ ക്ഷേത്ര ഒറ്റപ്പിലാൻ കാടൻ സ്ഥാനികർ നേതൃത്വം നൽകും. കാരണവർ മനങ്ങാടൻ കേളപ്പൻ കാർമികനായിരിക്കും.

✪✪✪

കണ്ണൂർ പെരിങ്ങോം പോത്താങ്കണ്ടം ആനന്ദഭവനത്തിന്റെ നേതൃത്വത്തിൽ അഞ്ചാമത് കഥാപ്രസംഗ മഹോത്സവം ഇന്ന് ആരംഭിക്കും. പയ്യന്നൂർ ശ്രീപ്രഭ ഓഡിറ്റോറിയത്തിലെ മഹോത്സവത്തിൽ പ്രമുഖ കാഥികർ പങ്കെടുക്കും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

........വോയ്സ്..........

106 വർഷത്തെ പഴക്ക മുണ്ട് കഥാപ്രസംഗ കലയ്ക്ക് .സംഗീത സാഹിത്യ ഫലിത അഭിനയങ്ങളുടെ സമന്വയമാണ് ഈ കലാരൂപം . കഥയിലൂടെ വിജ്ഞാനവും സാംസ്കാരിക ഉത്തേജനവും സമൂഹത്തിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒമ്പത് ദിവസം നീണ്ടു നിൽക്കുന്ന കഥാപ്രസംഗ മഹോത്സവം സംഘടിപ്പിക്കുന്നന്നെ് ആനന്ദഭവനത്തിലെ സ്വാമി കൃഷ്ണാനന്ദ

ഭാരതി അറിയിച്ചു.വസന്തകുമാർ സാംബശിവൻ സീന പള്ളിക്കര, വി.ഹർഷകുമാർ, കായംകുളം വിമല, എം.ആർ.പയ്യട്ടം തുടങ്ങിയ പ്രമുഖർ കഥാപ്രസംഗ മഹോത്സവത്ില്‍ പങ്കെടുക്കു. മെയ് ഒമ്പതിന് സമാപിക്കും .

✪✪✪

MP വീരേന്ദ്രകുമാറിന്റെ സ്മരണയ്ക്കായി മാതൃഭൂമി ഏർപ്പെടുത്തിയ ഈ വർഷത്തെ ദേശീയ പുരസ്കാരത്തിന് സാമൂഹിക പ്രവർത്തകയും പത്മശ്രീ ജേതാവുമായ സുനിത കൃഷ്ണൻ അർഹയായി. ആരും താങ്ങില്ലാത്ത സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി അവർ നടത്തിയ സേവനങ്ങൾ മാനിച്ചാണ് പുരസ്കാരം.

ഫലകവും സാക്ഷ്യപത്രവും അഞ്ച് ലക്ഷം രൂപയുമടങ്ങുന്ന നാഷണൽ തോട്ട് ലീഡർഷിപ്പ് അവാർഡ് ഈമാസം 28ന് കോഴിക്കോട്ട് സമ്മാനിക്കും.

✪✪✪

വേനൽ കടുത്തതോടെ KSEB ആഢ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതിയിലെ വൈദ്യുതി ഉൽപ്പാദനം നിർത്തി. കാഞ്ഞിരപ്പുഴയിൽ നീരൊഴുക്ക് നിലച്ചതോടെയാണ് വൈദ്യുതി ഉൽപ്പാദനം നിർത്തിയത്. ഈ വർഷം റെക്കോഡ് ഉൽപ്പാദനമാണ് ആഢ്യൻപാറയിൽ ലഭിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ അഹമ്മദാബാദിൽ നാല് വിക്കറ്റിന് തോൽപ്പിച്ചു. ഇന്ന് രാജസ്ഥാൻ റോയൽസ് , ഡൽഹി ക്യാപിറ്റൽസിനെ ജയ്പൂരിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജിനു സമീപം ബൈക്കിൽ ലോറി ഇടിച്ച് യുവാവും യുവതിയും മരിച്ചു . ചേർത്തല അർത്തുങ്കൽ സ്വദേശികളായ അഖിൽ , അച്ചു എന്നിവരാണ് ഇന്നലെ അർദ്ധരാത്രിയോടെ അപകടത്തിൽ മരിച്ചത് .

✪✪✪

പാമ്പുകടിയേറ്റ് ഗുരുതരാവസ്ഥയിൽ ചികിത്സയിലായിരുന്ന കൊടകര കോടാലിയിലെ അനോഷ് ആശുപത്രി വിട്ടു. മരണത്തെ മുഖാമുഖം കണ്ട നാളുകൾക്ക് ശേഷമാണ് ഈ പത്തുവയസ്സുകാരൻ ജീവിതത്തിലേക്ക് തിരികെ എത്തിയത്.

ഏപ്രിൽ 18-ന് പുലർച്ചെയാണ് വീട്ടിൽ കിടന്നുറങ്ങുകയായിരുന്ന അനോഷിനും സഹോദരൻ അൽജോയ്ക്കും പാമ്പുകടിയേറ്റത്. ആശുപത്രിയിൽ എത്തിച്ചെങ്കിലും യാത്രാമധ്യേ സഹോദരൻ  അൽജോ മരണപ്പെട്ടു.

✪✪✪

അമിതമായ ചൂടിന്റെ സാഹചര്യത്തിൽ രാവിലെ പത്ത് മുതൽ വൈകീട്ട് നാലുമണി വരെ വളർത്തുമൃഗങ്ങളെ വെയിലത്ത് ഇറക്കരുതെന്ന് കണ്ണൂർ ജില്ലാമൃഗ സംരക്ഷണ ഓഫീസർ ഡോ. S അനിൽ കുമാർ മുന്നറിയിപ്പ് നൽകി. വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നത് ഒഴിവാക്കണം.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ്, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*